ജനന മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് വെബ്സൈറ്റ് തയ്യാറാക്കൽ, പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നത് കമ്പ്യൂട്ടർവൽക്കരിക്കൽ, പഞ്ചായത്തുകളിലേയും നഗരസഭകളിലേയും മരാമത്ത് പണികളുടെ എസ്റ്റിമേറ്റ്, റവന്യൂ സംവിധാനങ്ങൾ എന്നിവ കമ്പ്യൂട്ടർവത്ക്കരിക്കുന്ന പ്രവർത്തനം എന്നിവയാണ് ഈ വർഷം നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

(സി) ഗ്രാമപഞ്ചായത്തുകളുടെ വരവ് ചെലവ് കണക്കുകൾ ഡബിൾ എൻട്രി അക്കൗണ്ടിംഗ് രീതിയിൽ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനായി സാംഖ്യ സോഫ്റ്റ്വെയർ ഐ.കെ.എം. തയ്യാറാക്കിയിട്ടുണ്ട്. ഏപ്രിൽ 1, 2011 മുതൽ ഇത് പഞ്ചായത്തുകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) 2008-09 വരെയുള്ള ക്രഡിറ്റ് കാർഡ് തയ്യാറായിട്ടുണ്ട്. 2009-10-ലെ വിവരങ്ങൾ പൂർത്തിയാക്കിവരുന്നു.

(ഇ) തൊള്ളായിരത്തിലധികം ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബേസുകൾ പൂർത്തിയായിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളിൽ ഇത് തയ്യാറാക്കിവരുന്നു.

മത്സ്യകേരളം പദ്ധതി

12 (*182) ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകേരളം പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനത്തിലൂടെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര ഹെക്ടറിൽ മത്സ്യ കൃഷി നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു;

(സി) സംസ്ഥാനത്ത് മത്സ്യവിത്തു പരിപാലന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; ഏതെല്ലാം ഇനങ്ങളിൽപ്പെട്ട മത്സ്യവിത്തുകളെയാണ് ഈ യൂണിറ്റുകളിൽ പരിപാലിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ) 2008-09 മുതൽ സംസ്ഥാനത്ത് മത്സ്യകേരളം പദ്ധതി ആരംഭിച്ചത്. ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിലൂടെ 2200 ടൺ ചെമ്മീനും 2395 ടൺ കല്ലുമ്മക്കായും 8 ടൺ കരിമീനും 1 ടൺ ഞണ്ടും ഉൾപ്പെടെ ആകെ 4604 ടൺ അധിക ഉൽപ്പാദനം നടത്താൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യകേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 3433 ഹെക്ടർ ശുദ്ധജലത്തിലും 2657.5 ഹെക്ടർ ഓരുജലത്തിലുമായി മൊത്തം 6090.5 ഹെക്ടറിൽ മത്സ്യ/ചെമ്മീൻ കൃഷി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ 1000 യൂണിറ്റ് കല്ലുമ്മക്കായ് കൃഷിയും നടന്നു. 25834 കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

(സി) സംസ്ഥാനത്താകെ ആദ്യഘട്ടത്തിൽ 63 മത്സ്യവിത്ത് പരിപാലന യൂണിറ്റുകളും രണ്ടാം ഘട്ടത്തിൽ 72 മത്സ്യവിത്ത് പരിപാലന യൂണിറ്റുകളുമാണ് മത്സ്യകേരളം പദ്ധതി പ്രകാരം പ്രവർത്തിച്ചത്. കട്ല, രോഹു, മൃഗാൾ തുടങ്ങിയ കാർപ്പ് ഇനത്തിൽപ്പെട്ട ശുദ്ധജല മത്സ്യവിത്തുകളാണ് ഈ യൂണിറ്റുകളിൽ വളർത്തിയെടുത്തത്.

ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി

13 (*193) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ.എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജവർലാൽ നെഹ്റു ദേശീയനഗര നവീകരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ വർഷം എന്തെല്ലാം പദ്ധതികളാണ് തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ നടത്തുന്നത് ; ഇതിനായി എത്ര കോടിരൂപ അനുവദിച്ചിട്ടുണ്ട് ;

(സി) ജലവിതരണ പദ്ധതി, സീവറേജ് സ്കീം, ഖരമാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്കായി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി പ്രകാരം കേരള സുസ്ഥിര നഗരവികസന പദ്ധതി മുഖേന സംസ്ഥാനത്ത് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 14 പദ്ധതികളാണ് നടപ്പിലാക്കുന്നത്. (വിശദാംശം അനുബന്ധനം-1 ആയി ചേർക്കുന്നു.)* കൂടാതെ ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.റ്റി.) എന്ന പദ്ധതിയും കെ.എസ്.യു.ഡി.പി. വഴി നടപ്പിലാക്കിവരുന്നു. ഖരമാലിന്യ സംസ്കരണം, കുടിവെള്ള വിതരണം, മലിനജല നിർമ്മാർജ്ജനം എന്നിവയ്ക്കായി 25 പദ്ധതികൾ 22 നഗരങ്ങളിലായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly